എൻ2/4446/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 21/02/2017
Email: scholarshipdpi@gmail.com
Phone No. 0471 – 2328438

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കോളർഷിപ്പുകൾ ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന :-1. കേന്ദ്ര ന്യൂനപക്ഷമന്ത്രാലയത്തിന്റെ കത്ത് തീയതി. 18/08/2016.

2. സംസ്ഥാന സർക്കാർ കത്ത് നമ്പർ 954313/ജി3/2016/പൊ.വി തീയതി. 06/01/2017.

കേന്ദ്ര ഗവൺമെന്റിന്റെ വിവിധ മന്ത്രാലയങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പു മുഖേന ആവിഷ്കരിച്ചു നടപ്പാക്കിവരുന്ന വിവിധ സ്കോളർഷിപ്പുകളായ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്, അംഗവൈകല്യം ഉള്ള കുട്ടികൾക്കായുള്ള സ്കോളർഷിപ്പ്, ഇൻസെന്റീവ് ടു ഗേൾസ് സ്കോളർഷിപ്പ്, മീൻസ് -കം-മെറിറ്റ് സ്കോളർഷിപ്പ് എന്നിവ അർഹരായ കുട്ടികൾക്ക് സ്കോളർഷിപ്പ് തുക ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) മുഖേന കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭിക്കുകയും ചെയ്യുന്ന സുതാര്യമായ പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്.

2016-17 വർഷത്തെ വിവിധ സ്കോളർഷിപ്പുകൾക്ക് പുതിയതായി അപേക്ഷിക്കുന്നതിനും, ലഭിച്ചുകൊണ്ടിരിക്കുന്ന സ്കോളർഷിപ്പുകൾ പുതുക്കുന്നതിനുമുള്ള സമയപരിധി അവസാനിച്ചു കഴിഞ്ഞിട്ടുണ്ട്. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയിൽ ചില കുട്ടികളുടെ ആധാർ നമ്പർ അവരുടെ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യാത്തതായി കണ്ടെത്തിയിട്ടുണ്ട്. ആധാർനമ്പർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യാതിരുന്നാൽ അർഹതയുള്ള പല കുട്ടികൾക്കും സ്കോളർഷിപ്പ് ലഭിക്കാതിരിക്കുന്നതിന് കാരണമാകും. ആയതിനാൽ വിവിധ സ്കോളർഷിപ്പുകൾക്ക് അപേക്ഷിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികളും അവരുടെ ആധാർ നമ്പർ സ്വന്തം ബാങ്ക് അക്കൗണ്ടുമായി അടിയന്തിരമായി ലിങ്ക് ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകുന്നതിന് എല്ലാ സർക്കാർ/എയ്ഡഡ്/പ്രൈവറ്റ് സ്കൂളുകളിലെ പ്രഥമാധ്യാപകരും നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:-

1. എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ മാർക്കും
2. എല്ലാ സർക്കാർ/എയ്ഡഡ്/പ്രൈവറ്റ് സ്കൂൾ പ്രഥമാധ്യാപകർക്കും